ഹദീസ് 27

عَنِ ابْنِ مَسْعُودٍ رضي الله تعالى عنه قَالَ: قَالَ رَسُولُ اللهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ: لاَ يَحِلُّ دَمُ امْرِئٍ مُسْلِمٍ، يَشْهَدُ أَنْ لاَ إِلَهَ إِلاَّ اللَّهُ وَأَنِّي رَسُولُ اللهِ، إِلاَّ بِإِحْدَى ثَلاَثٍ: الثَّيِّبُ الزَّانِي، وَالنَّفْسُ بِالنَّفْسِ، وَالتَّارِكُ لِدِينِهِ الْمُفَارِقُ لِلْجَمَاعَةِ.- مُتَّفَقٌ عَلَيْهِ.

ഇബ്നുമസ്ഊദ് ﷺ നിവേദനം. നബി ﷺ പറഞ്ഞു: അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ലെന്നും ഞാൻ അല്ലാഹുവിന്റെ ദൂതനാണെന്നും സാക്ഷ്യം വഹിക്കുന്ന ഒരു മുസ്ലിമിന്റെ രക്തം (ചിന്തൽ) മൂന്ന് കാര്യങ്ങൾ കൊണ്ടല്ലാതെ ഹലാൽ ആവുകയില്ല. അവ: വിവാഹിതനായ വ്യഭിചാരി, ഒരു ജീവന് പകരം മറ്റൊരു ജീവൻ, തന്റെ മതം ഉപേക്ഷിച്ച് ജമാഅത്തിൽ നിന്ന് (മുസ്ലിം സംഘത്തിൽ) നിന്ന് പിരിഞ്ഞു പോകുന്നവൻ'.

വിവരണം

ഒരു വിശ്വാസിയുടെ രക്തം ചിന്താൻ അഥവാ മുസ്ലിം ഭരണാധികാരി അവന് വധശിക്ഷ നൽകാൻ മതം അറിയിച്ച കാരണങ്ങൾ ഉണ്ടാവണം. അതില്ലാതെ വിശ്വാസിയെ വധിക്കാൻ പാടുള്ളതല്ല.

അതിൽ പെട്ട മൂന്ന് വിഭാഗമാണ്:

1- വിവാഹിതനായ വ്യഭിചാരി
2- കൊലപാതകം ചെയ്തവൻ

3- മതം വിട്ടവൻ

ഈ കാര്യങ്ങൾ ഇസ്‌ലാമിൽ വലിയ പാതകങ്ങളാകുന്നു.

ഇസ്‌ലാമിക നിയമങ്ങൾ നടപ്പാക്കുന്ന ഭരണാധികാരിക്ക് ഈ മൂന്ന് വിഭാഗത്തിൽ പെട്ടവരെ വധിക്കാൻ ഇസ്‌ലാം അംഗീകാരം നൽകിയിട്ടുണ്ട്.

വിവാഹിതനായ വ്യഭിചാരി

വ്യഭിചാരവുമായി ബന്ധപ്പെട്ട ഒരു കാര്യത്തിലേക്കും അടുത്ത് പോകരുത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

വ്യഭിചാരം വലിയ തിന്മയാണ്. അത് സമൂഹത്തിൽ ധാരാളം ദൂഷ്യഫലങ്ങൾ ഉണ്ടാക്കുന്ന കാര്യമാണ്. വിവാഹിതനായ ഒരാൾ വ്യഭിചരിച്ചാൽ അവനെ എറിഞ്ഞ് കൊല്ലാൻ ഇസ്‌ലാമിൽ നിയമമുണ്ട്. വിവാഹിതനല്ലാത്ത ഒരാൾ വ്യഭിചരിച്ചാൽ അവന്ന് നൂറ് അടി നൽകണം എന്നും വിധിയുണ്ട്.

വിവാഹിതനായ ഒരാൾ വ്യഭിചരിച്ചാലുള്ള ശിക്ഷ നാം പറഞ്ഞു. അത് മൂന്ന് നിബന്ധനകൾക്ക് വിധേയമാണ്.

- വ്യഭിചാരി ബുദ്ധിയുള്ളവനും പ്രായപൂർത്തിയെത്തിയവനും ആയിരിക്കണം.
- വ്യഭിചരിച്ചവൻ അത് സമ്മതിക്കണം. അല്ലെങ്കിൽ നാല് ആളുകൾ കൃത്യമായി സാക്ഷി പറയണം.
- വ്യഭിചരിച്ചവൻ സ്വന്തം ഇഷ്ടപ്രകാരം വ്യഭിചരിച്ചവനാകണം. നിർബന്ധിക്കപ്പെട്ടവനാകരുത്.

ഈ മൂന്ന് നിബന്ധനകൾ പൂർത്തിയായാൽ ഉത്തരവാദപ്പെട്ടവർക്ക് ശിക്ഷ നടപ്പിലാക്കാം

കൊലപാതകം നടത്തിയവൻ:

- ഒരു മനുഷ്യനെ വധിച്ചവനുള്ള ശിക്ഷ ഇസ്

ലാം പഠിപ്പിക്കുന്നത് അവനെ വധിച്ചു കളയുക എന്നുള്ളതാണ്.

- അകാരണമായി ഒരാളെയും വധിക്കാൻ പാടില്ല എന്നതാണ് ഇസ്‌ലാമിന്റെ അധ്യാപനം. അല്ലാഹു പറയുന്നു: 'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്'. (4/29)
- മറ്റുള്ളവരെ കൊല്ലാനോ സ്വയം ജീവിതം അവസാനിപ്പിക്കാനോ ഇസ്‌ലാം അനുവാദം നൽകുന്നില്ല.
- ഇസ്‌ലാമിലെ ഇത്തരം പ്രതിക്രിയകൾ ന്യായമായതും സമൂഹം ആവശ്യപ്പെടുന്നതുമാണ്. അല്ലാഹു അറിയിക്കുന്നു:

(ജീവന് ജീവൻ, കണ്ണിന് കണ്ണ്, മൂക്കിന് മൂക്ക്, ചെവിക്ക് ചെവി, പല്ലിന് പല്ല്, മുറിവുകൾക്ക് തത്തുല്യമായ പ്രതിക്രിയ എന്നിങ്ങിനെയാണ് അതിൽ (തൗറാത്തിൽ) നാം അവർക്ക് നിയമമായി വെച്ചിട്ടുള്ളത്). 2/45

മതം വിട്ടു പോകുന്നവൻ

മതത്തിൽ നിന്ന് മുർത്തദ്ദ് ആവുക എന്നാൽ വലിയ തിന്മയാണ്. അവന് വധശിക്ഷയാണ് ഇസ്‌ലാമിക ശരീഅത്തിലുള്ളത്.

മതം വിട്ടുപോകുന്നവന് തൗബ ചെയ്യാനുള്ള അവസരം ഉണ്ട്.

തൗബ ചെയ്യാതെ അവൻ അവന്റെ മത വിരുദ്ധ നിലപാടുകളിൽ തന്നെ നിലകൊള്ളുകയാണെങ്കിൽ ഇസ്‌ലാമിക ഭാരാണാധികാരിക്ക് അവനെ ശിക്ഷിക്കാവുന്നതാണ്.

മതത്തിൽ നിന്നുപുറത്ത് പോകുന്നത് വിവിധ രൂപങ്ങളിലാണ്.

- വാക്ക് കൊണ്ട്

- കർമം കൊണ്ട്
- വിശ്വാസം മൂലമുള്ളത്

മതത്തിന്റെ ഏതെങ്കിലും കാര്യങ്ങളെ നിന്ദിക്കുകയോ നിഷേധിക്കുകയോ പരിഹസിക്കുകയോ ചെയ്താൽ വരെ മതത്തിൽ നിന്ന് പുറത്ത് പോകാൻ കാരണമാകും എന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

മതം വിട്ട് പോകുന്നവർ ചെയ്ത പ്രവർത്തനങ്ങളെല്ലാം പാഴായിപ്പോകും. അതിനെ കുറിച്ച് അല്ലാഹു പറയുന്നു:

(നിങ്ങളിൽ നിന്നാരെങ്കിലും തന്റെ മതത്തിൽ നിന്ന് പിൻമാറി സത്യനിഷേധിയായിക്കൊണ്ട് മരണപ്പെടുന്ന പക്ഷം, അത്തരക്കാരുടെ കർമ്മങ്ങൾ ഇഹത്തിലും പരത്തിലും നിഷ്ഫലമായിത്തീരുന്നതാണ്. അവരാകുന്നു നരകാവകാശികൾ. അവരതിൽ നിത്യവാസികളായിരിക്കും). 2/217